**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ഇന്ദിരാ ആവാസ് യോജന - 2011-12-ൽ എഗ്രിമെന്റ് വച്ച ഗുണഭോക്താക്കൾക്ക് പുതുക്കിയ നിരക്കിൽ അധിക ധനസഹായം ലഭ്യമാക്കുന്നതിന് ത്രിതല സഹകരണ ബാങ്കുകളിൽ നിന്നും ലോണെടുക്കുന്നതിന് ബ്ലോക്ക് പഞ്ചായത്തുകൾക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

=====================================================================

തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

സ.ഉ.(കൈ)നം.193/2013/തസ്വഭവ തിരുവനന്തപുരം, തീയതി, 24.05.2013

=====================================================================

പരാമർശം:- 1. 02.1.2012 ലെ ജി.ഒ(എം.എസ്) നം. 2/2012/തസ്വഭവ
2. 16.3.2012 ലെ ജി.ഒ(എം.എസ്) നം. 68/12/തസ്വഭവ
3. 18.9.2012 ലെ ജി.ഒ (സാധാ) നം.2627/12/തസ്വഭവ
4. 14.03.2013 ലെ ജി.ഒ(എം.എസ്) നം. 90/13/തസ്വഭവ

**ഉത്തരവ്**

ഇന്ദിരാ ആവാസ് യോജന പ്രകാരം ഭവന നിർമ്മാണത്തിന് നൽകി വരുന്ന ധനസഹായം 15.09.2011 മുതൽ പൊതുവിഭാഗത്തിനും പട്ടികജാതി വിഭാഗത്തിനും രണ്ട് ലക്ഷം രൂപയായും പട്ടികവർഗ്ഗ വിഭാഗത്തിന് 2.50 ലക്ഷം രൂപയായും വർദ്ധിപ്പിച്ച് പരാമർശം 1,2 പ്രകാരം ഉത്തരവായിരുന്നു. കേന്ദ്ര സർക്കാർ അംഗീകരിച്ച യൂണിറ്റ് കോസ്റ്റ് 48,500/- രൂപയിൽ അധികരിക്കുന്ന തുക ത്രിതല പഞ്ചായത്തുകൾ 25:50:25 എന്ന അനുപാതത്തിൽ അവരുടെ പ്ലാൻഫണ്ടിൽ കണ്ടെത്തേണ്ടതാണെന്നും, 2011-12 വർഷം 15.09.2011-ന് മുമ്പ് എഗ്രിമെന്റ് വച്ചവർക്ക് ആനുപാതിക വർദ്ധനവ് നൽകണമെന്നും ഉത്തരവായിട്ടുണ്ട്.

2011-12 സാമ്പത്തികവർഷത്തിൽ 15.09.2011-ന് മുമ്പ് എഗ്രിമെന്റ് വയ്ക്കുകയും വിവിധ ഗഡുക്കൾ 15.09.2011-ന് ശേഷം കൈപ്പറ്റുകയും ചെയ്ത 42197 ഗുണഭോക്താക്കൾക്ക് വർദ്ധിപ്പിച്ച നിരക്കിലുള്ള സർക്കാർ വിഹിതം ആനുപാതികമായി ലഭിക്കുവാൻ അർഹതയുണ്ടെന്നും ഇതിലേയ്ക്കായി ആകെ 279.245 കോടി രൂപ വേണ്ടിവരുമെന്നും, ഈ തുക സമാഹരിക്കുന്നതിന് ബ്ലോക്കു പഞ്ചായത്തുകൾ ത്രിതല സഹകരണ ബാങ്കുകളിൽ നിന്നും വായ്പയെടുക്കേണ്ടതുണ്ട് എന്ന് ബോദ്ധ്യപ്പെടുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും താഴെപ്പറയും പ്രകാരം ഉത്തരവാകുകയും ചെയ്യുന്നു.

I. 2011-12 വർഷത്തിൽ ഐ.എ.വൈ. വീടുകൾക്ക് എഗ്രിമെന്റ് വെച്ച 42197 ഗുണഭോക്താക്കൾക്ക് പുതുക്കിയ നിരക്കിലുള്ള സർക്കാർ വിഹിതം ആനുപാതികമായി നൽകുന്നതിന് ബ്ലോക്ക് പഞ്ചായത്തുകൾ ത്രിതല പഞ്ചായത്തുകളിൽ നിന്നും ലോൺ എടുക്കുന്നതിന് അനുമതി നൽകുന്നു.

II. ഇത്തരത്തിൽ ലോൺ എടുക്കേണ്ട തുകയായ 279.245 കോടി രൂപ ബ്ലോക്ക് പഞ്ചായത്തുകൾ തന്നെ തിരിച്ചടയ്ക്കേണ്ടതും ഇതിന്റെ 11.25% പലിശ സർക്കാർ വഹിക്കുന്നതുമാണ്.

III. ബ്ലോക്ക് പഞ്ചായത്തുകൾ 2011-12ലെ ഐ.എ.വൈ. ഗുണഭോക്താക്കൾക്ക് ലഭ്യമാക്കാനെടുക്കുന്ന ലോൺ 10 വർഷം കൊണ്ട് അവരുടെ പ്ലാൻ ഫണ്ടിൽ നിന്നും തിരിച്ചടയ്ക്കേണ്ടതാണ്.

IV. 2011-12-ലെയും 2012-13-ലെയും 75,000/-രൂപയ്ക്ക് മേൽ വരുന്ന തുക ത്രിതല പഞ്ചായത്തുകൾ 25:50:25 എന്ന അനുപാതത്തിൽ അവരുടെ പ്ലാൻ ഫണ്ടിൽ നിന്നും കൊടുത്തു തീർക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
വി.എസ്.സെന്തിൽ,
പ്രിൻസിപ്പൽ സെക്രട്ടറി

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും/സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)
4. എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
5. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം
6. അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം.
7. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
8. ധനകാര്യവകുപ്പ് (13.05.2013-ലെ 43035/ഡെവ.2/13/ധന. അനൗദ്യോഗിക കുറിപ്പ്)
9. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ